## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 72

10.06.2019-ൽ മറുപടിയ്ക്ക്.

**പെരിയാർ ഡിക്ലറേഷൻ-2017**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പെരിയാർ ഡിക്ലറേഷൻ 2017-ന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) സംസ്ഥാനങ്ങളിലെ ചീഫ് വൈൽഡ് ലൈഫ് വാർഡൻമാരുടെയും, ടൈഗർ റിസർവ്വുകളിലെ ഫീൽഡ് ഡയറക്ടർമാരുടെയും സംയുക്ത യോഗം 2017 സെപ്റ്റംബർ 15, 16 തീയതികളിൽ പെരിയാർ ടൈഗർ റിസർവ്വ്, തേക്കടിയിൽ വച്ച് നടക്കുകയുണ്ടായി. ഉദ്ഘാടന സമ്മേളനത്തിൽ ഇന്ത്യയിലെ കടുവകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിശോധിച്ച് ചർച്ചകളിലൂടെ യോഗാവസാനം ഒരു പെരിയാർ ഡിക്ളറേഷൻ ഉണ്ടാകണം എന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. തുടർന്ന്, പങ്കെടുത്ത അംഗങ്ങൾക്കിടയിൽ നടന്ന വിശദമായ ചർച്ചകളിൽ, 2022-ഓടെ കടുവകളുടെ എണ്ണം ഇരട്ടി ആക്കണം എന്ന 2010 ലെ സെന്റ് പീറ്റേഴ്സ് ബർഗ് ഡിക്ളറേഷൻ മാതൃകയിൽ പെരിയാർ ഡിക്ളറേഷന്റെ കരട് അവതരിപ്പിക്കുകയുണ്ടായി. പതിനൊന്ന് പ്രസ്താവനകൾ അടങ്ങിയ പെരിയാർ ഡിക്ളറേഷന്റെ വിശദ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) സംരക്ഷിത വനങ്ങളിലെ വനവാസികളുടെ സ്വമേധയായുള്ള പുനരധിവാസം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽനിന്നും കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) ടൈഗർ റിസർവ്വുകൾക്ക് പുറത്തുള്ള കടുവകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) ടൈഗർ റിസർവ്വിന് പുറത്ത് ടൈഗർ റിസർവിനു വെളിയിൽ കടുവാസംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കി ദേശീയ കടുവാ സംരക്ഷണ ഏജൻസിക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) പെരിയാർ ഡിക്ലറേഷന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) പെരിയാർ ഡിക് ളറേഷൻ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

1. കടുവകളുടെ ഭൂപ്രദേശങ്ങളിലും, കടുവാ സങ്കേതങ്ങളിലും, വന്യജീവി ഇടനാഴികളിലും നടപ്പിലാക്കി വരുന്ന പരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് കൂടാതെ കടുവാ സങ്കേതങ്ങൾക്ക് പുറത്തുള്ള കടുവാ സാന്നിദ്ധ്യമുള്ള മറ്റു വന പ്രദേശങ്ങളിൽക്കൂടി മികച്ച പരിപാലനത്തിന് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാണ്.

2 . പുനരധിവാസ പദ്ധതികൾ പുനർ വിചിന്തനം നടത്തി തൽപരരായ വനവാസിസമൂഹത്തിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്. ഇത്തരം പദ്ധതികൾ വനവാസികളുടെ നൈപുണ്യ വികസനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കേന്ദ്ര/ സംസ്ഥാന പദ്ധതികളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം.

3 . സന്നദ്ധ ഗ്രാമ പുനരധിവാസ പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ടുകൾക്ക് CAMPA പോലുള്ള സാമ്പത്തിക സ്രോതസ്സുകൾ കൂടി പരിശോധിക്കേണ്ടതുണ്ട്. ഗ്രാമങ്ങൾ മാറ്റി സ്ഥാപിക്കലും തുടർന്നുള്ള ആവാസ വ്യവസ്ഥകളുടെ വികസനവും പരിഹാര വനവത്ക്കരണ പ്രക്രിയയ്ക്ക് തുല്യമായി കണക്കാക്കണം.

4. കടുവാ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ക്ഷേമം ഉറപ്പാക്കുകയും, അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതുവഴി കഠിനവും വിദൂരവും ദുർഘടവുമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുവാനുള്ള പ്രചോദനം ഉണ്ടാകും.

5 . ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും അതുപോലെ സമാനമായ പ്രസ്ഥാനങ്ങളേയും, കടുവ സംരക്ഷണത്തിലെ അവരുടെ പ്രാധാന്യം ഉൾക്കൊണ്ട് ചരക്ക് സേവന നികുതി, ആദായ നികുതി പോലുള്ള എല്ലാ നികുതികളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

6. ദേശീയ കടുവാ സംരക്ഷണ ഏജൻസിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാരുകൾ, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ പ്രവർത്തിക്കുന്നതിനു വേണ്ടി ഓപ്പറേഷൻ മാനുവൽ രൂപപ്പെടുത്തേണ്ടതാണ്.

7 . ദേശീയ അന്തർ ദേശീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കടുവ സംരക്ഷണത്തിനായി കൂടുതൽ നൂതന ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും, മേഖല ശ്രേഷ്ഠ കേന്ദ്രങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്.

8. ജീവനക്കാരുടെ നൈപുണ്യ വികസനത്തിനും, നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്നതിനും ആവശ്യമായ പരിശീലനവും ദേശീയ-അന്തർ ദേശീയ തലത്തിലുള്ള ഉത്കൃഷ്ട പ്രവർത്തനങ്ങൾ അറിയുന്നതിനുള്ള സാഹചര്യവും ഒരുക്കേണ്ടതാണ്.

9 . ദേശീയ കടുവാ സംരക്ഷണ ഏജൻസിയെ സർക്കാർ ഇതര മറ്റു ധന സ്രോതസ്സുകൾ സ്വീകരിക്കുന്നതിന് അനുവദിക്കുക.

10. Cr.PC, Telegraph Act, Import Act തുടങ്ങിയ നിയമങ്ങൾ നടപ്പിലാക്കുന്നതിന് വനം വകുപ്പിലെ ഉചിതമായ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

11. 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ നിർണ്ണായക കടുവാ ആവാസ വ്യവസ്ഥയെ 2006 ലെ വനാവകാശ നിയമത്തിലെ നിർണ്ണായക വന്യജീവി ആവാസ വ്യവസ്ഥയായി പരിഗണിക്കുന്നതിനാവശ്യമായ രീതിയിൽ മേൽ നിയമത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള ശ്രമം നടത്തുക.

സെക്ഷൻ ഓഫീസർ

അനുബന്ധം II

ടൈഗർ റിസർവ്വിന് പുറമേ കടുവകളെ ഉൾക്കൊള്ളുന്ന സംരക്ഷിത വനമേഖലയുടെ സാമ്പത്തിക സഹായത്തിനായി 2019-20 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതയിൽ താഴെ പറയും പ്രകാരം റിക്കറിംഗ്,നോൺ റിക്കറിംഗ് പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- മൃഗവേട്ട തടയുന്നതിനുള്ള പദ്ധതികൾ (ടെന്റുകൾ, സ്ലിപ്പിംഗ് ബാഗ്, ക്യാമ്പ് ഷെഡ് നിർമ്മാണം)
- അടിസ്ഥാന സൗകര്യ വികസനം (വാക്കി ടോക്കി, വയർലസ് മ:ുതലായ നൂതന ആശയവിനിമയ ഉപാധികൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ)
- ആവാസവ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടേയും പുനരുജ്ജീവനം (ഫയർലൈൻ നിർമ്മിക്കൽ, ചതുപ്പ്നിലങ്ങളുടെ പരിപാലനം എന്നിവ)
- കടുവകളുടെ കണക്കെടുപ്പ്
- ട്രക്ക് പാത്തുകളുടേയും ജീപ്പ് റോഡുകളുടേയും നിർമ്മാണവും പരിപാലനവും
- നേച്ചർ ക്യാമ്പ് പോലെയുള്ള ബോധവൽക്കരണ പരിപാടികൾ
- ടൈഗർ റിസർവ്വിന് ചുറ്റുമുള്ള വളർത്തു കന്നുകാലികളുടെ രോഗപ്രതിരോധ പ്രവർത്തികൾ
- മണ്ണ് ജല സംരക്ഷണം
- മനുഷ്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തികൾ.

സെക്ഷൻ ഓഫീസർ